

# നവധാര


## എസ് സി യു ജി വി എച്ച് എസ് എസ് പട്ടണക്കാട്

ലിറ്റിൽ കൈറ്റ്

# ഉള്ളടക്കം



1. പനിനീർപ്പ് ........................................................... ...... 3
2 സൗന്ദര്യ ലഹരി ..................................................................4
3 പഴഞ്ചെല്ലുകൾ ..................................................................6
4 വിശപ്പ് ..................................................................7
5 തുഞ്ചത്തെഴുത്തച്ഛൻ..................................................................9
6 പൂന്തോട്ടം ..........................................................10
7 കുഞ്ഞിക്കിളി ..........................................................11
8 പുലരി വന്നുവിളിച്ചപ്പോള്..........................................................12
9 മരണമില്ലാത്ത വാക്കുകൾ..........................................................14
10 ക്രോധം ..........................................................15
11 പ്രഭാതം. ..........................................................18
12 ചട്ടമ്പി സ്വാമികൾ ......... ..................................................20
13 ഗാന്ധി ..........................................................21
14 കുളിർമഴ ..........................................................22
15 ലിഫ്റ്റ് ..........................................................24
16 പഴഞ്ചെല്ലുകൾ ..........................................................26
17 പ്രായശ്ചിത്തം ചെയ്യാൻ ..........................................................27
18 അമൃതം ..........................................................28
19 ഉറക്കം ..........................................................29
20 കുറുക്കൻ സ്കൂളിൽ ..........................................................30
21 പനിനീർ മഴ ..........................................................32
22 വേനൽ ..................................................... .....33
23 പ്രകൃതി ..........................................................34
24 രാക്കനവ് ..........................................................35
25 മഴ ..........................................................36
26 അഴകുള്ള ചന്ദ്രൻ ..........................................................37
27 മനുഷ്യ മ്യൂസിയം ..........................................................38
28 പ്രകൃതി സൗന്ദര്യം ..........................................................40
29 എൻെറ അച്ഛൻ ..........................................................41

# പനിനീർപ്പൂവ്



പൂവേ പൂവേ
കൊഴിയല്ലേ
പൂന്തെന്നലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതു മിഴിയിൽ ഇതളു പൊഴിക്കല്ലേ
ഒരിതളും നീ പൊഴിക്കല്ലേ -(പൂവേ)
പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ -(പൂവേ)
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ

# സൗന്ദര്യലഹരി



പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടത കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ,പ്രാപഞ്ചികജീവിതത്തിനെ,നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ

പൂർവദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു  വന്നെത്തും പുലരിയും;-
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായയണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന

## പഴഞ്ചൊല്ലുകൾ

*അതിമോഹം ചക്രം ചവിട്ടും

*എലിയെ പേടിച്ച് ഇല്ലം ചുടരുത്

*കാക്കക്കും തൻ കുഞ്ഞ് പൊൻ കുഞ്ഞ്

*സുക്ഷിച്ചാൽ ദു:ഖിക്കേണ്ട

*ശ്രേഷ്ഠത്തമുള്ളവൻ ജേഷ്ഠൻ

*വേല ഇല്ലാതെ കൂലിയില്ല

*അടിതെറ്റിയാൽ ആനയും വീഴും

*ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം

*അരിയിത്ര പയർ അഞ്ഞൊഴി


*അതിബുദ്ധിക്ക് അല്പായുസ്

*അടങ്ങികിടക്കുന്ന പട്ടിയെയും,അനങ്ങാതെ കിടക്കുന്ന വെള്ളത്തെയും സൂക്ഷിക്കണം

*അടുപ്പ് എത്രയായാലും കല്ല് മൂന്നണ്ണം വേണം

# വിശപ്പ്

ഒരിടത്ത് ഒരു അച്ഛനും അമ്മയും ഉണ്ടായിരുന്നു. അവർക്കൊരു മകനുമുണ്ടായിരുന്നു. അവരുടെ വീട്ടിൽ ഒരു വേലക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ശങ്കരൻ എന്നായിരുന്നു.അവൻ വീട്ടിലെ എല്ലാ ജോലികളും ചെയ്യും.വീട്ടുകാർ അവന് പഴയ ആഹാര സാധനങ്ങൾ മാത്രമേ കൊടുക്കുകയുള്ളൂ.പാവം ശങ്കരന് വല്ലാതെ വിശക്കും.



അവൻ വിശപ്പ് ആരെയും അറിയിക്കാതെ മറയത്ത് പോയിരുന്ന കരയും.ഒരു ദിവസം വീട്ടുകാരുടെ പണമൊക്കെ ആരോ തട്ടിയെടുത്തു.അവർക്ക് പണം ഇല്ലാതായി.അവർ പട്ടിണിയിലായി അപ്പോൾ അവർക്ക് മനസ്സിലായി വിശപ്പിന്റെ വിലയെന്തന്ന്

അങ്ങനെ അവരെല്ലാം ഒരുമിച്ച് സുഖമായി ജീവിച്ചു.


# തുഞ്ചത്തെഴുത്തച്ഛൻ



എഴുത്തച്ഛന്റെ ജീവിതകാലം പതിനാറാം നൂറ്റാണ്ടാണ്. മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് അദ്ദേഹം ജനിച്ചത്. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നാണ് അദ്ദേഹം

അറിയപ്പെടുന്നത്. " മലയാള ഭാഷയുടെ പിതാവ് "എന്നും അദ്ദേഹത്തെ വിളിക്കുന്നു. അധ്യാത്മരാമായണം കിളിപ്പാട്ട്,മഹാഭാരതം,കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.

# പൂന്തോട്ടം




പൂവുകൾ കണ്ടോ
പൂന്തോട്ടത്തിൽ
പൂഞ്ചിരിതൂകുന്നു
തുമ്പികൾ കണ്ടോ
പാറിപ്പാറി
പൂവിലിരിക്കുന്നു
പൂന്തേനുണ്ടു
മദിച്ചവരയ്യാ
പൂഞ്ചിരിതൂകി
പൂന്തോട്ടത്തിൽ
പാറി നടക്കുന്നു

# കുഞ്ഞിക്കിളി

ഉഷ്ണമുരുക്കിയ ഉച്ചത്തീയിൽ
ഇലകൊഴിഞ്ഞ കൊമ്പിൽ
നിന്നും
അടർന്നുവീണ കൂട്ടിൽ
ഒരു
കിളിക്കുഞ്ഞുണ്ടായിരുന്നു.
വിശപ്പും ദാഹവും
അമ്മയെത്താത്ത ആധിയും
ചൂടിനെക്കാൾ തിളച്ചുനിന്നു.
പുതുതായെന്തോ എത്തിയതു മണത്ത
പച്ചെറുമ്പുകൾ കൂട്ടവളഞ്ഞു.
കുഞ്ഞുദേഹത്തിൽ ചുവലുകൾ
കിളിർക്കുന്നതേയുണ്ടായിരുന്നുള്ളൂ;
ചിറകുകൾ വന്നിട്ടുമില്ല.
വെയിൽ തളർത്തിയ കുഞ്ഞുടലിൽ



# പുലരി വന്നു വിളിച്ചപ്പോൾ

ഒരു പൂപോലും
താഴെ
വീഴാതിരിക്കാൻ
മോഹിച്ചു.
എങ്കിലും




വിരലുകൾക്കിടയിലൂടെ
ആദ്യത്തെ പൂവ്
താഴെ വീണു.
അങ്ങനെ ഒരോ പൂവും
താഴെ വീണുകൊണ്ടേയിരുന്നു
അവസാനത്തെ പൂവെങ്കിലും
താഴെ വീഴാതിരിക്കാൻ

ഞാൻ വൃഥാ കൊതിച്ച
അതും
താഴെ വീണപ്പോൾ
തേങ്ങിക്കരഞ്ഞുപോയി,പക്ഷേ
എപ്പോഴോ അവൻ വന്ന്
എന്റെ
കൈക്കുമ്പിൾ നിറയെ
പ്രേമം പകർന്ന്
കടന്നുപോയത്
പുലരിയിൽ മാത്രമാണ് ഞാനറിഞ്ഞത്.

## മരണമില്ലാത്ത വാക്കുകൾ

*പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

* എന്റെ ജീവിതമാണ് എന്റെ സന്ദേശം

*ടൺ കണക്കിന് സാരോപദേശങ്ങളെക്കാൾ വിലപ്പെട്ടതാണ് ഒരുൺസ് പ്രവർത്തി

* ജനങ്ങൾ നിയമങ്ങൾക്ക് വേണ്ടിയുള്ളവരല്ല നിയമങ്ങൾ ജനങ്ങൾക്കുള്ളതാകണം

* അസഹിഷ്ണുത അക്രമണത്തിന്റെ ഒരു രൂപമാണ്

*ഗിരിനിരകളോളം പഴക്കമുള്ള സത്യവും അഹിംസയുമല്ലാതെ മറ്റൊന്നും എനിക്ക് ലോകത്തെ പഠിപ്പിക്കാനില്ല.

*അഹിംസയാണ് എന്റെ പ്രദമവിശ്വാസം അതുതന്നെയാണ്എന്റെ അവസാന ആശയം

# ക്രോധം

നമുക്ക് ക്രോധം കുറയുവാൻ അതുമൂലം നമ്മുടെ കുടുബത്തിനെ രക്ഷപ്പെടുത്താൻ ഒത്തിരി വഴികളുണ്ട് .നമ്മൾ ആധ്യം നമ്മളെത്തന്നെ ഒന്ന് മനസിലാക്കുക എന്നിട്ട്  എല്ലാവരെയു ക്ഷമാപൂർവം സ്നേഹിക്കണം.ഒന്ന് ഉള്ള് തുറന്ന് ചിരിക്കാൻ ശ്രമിക്കണം. നമ്മുടെ ഉള്ളിലുള്ള വേദനകൾ ആരോടെകിലും പങ്കുവെയ്ക്കണം.
അങ്ങനെ നമ്മുടെ മനസ്സിലുള്ള ഭാരം ഒഴിവാക്കുക. അങ്ങനെ നമ്മളിൽ ഉള്ള ക്രോദം  ഇല്ലാതാക്കാൻ അതിനെ പൂർണമായും തടയാൻ ശ്രമിക്കുക.അതാണ് നമ്മുടെ ജീവിതത്തിനും കുടുബത്തിനും നല്ലത്.
ഇങ്ങനെയുള്ള പ്രവർത്തിയിൽ നിന്നും ഒഴിവായി നിൽക്കുക.നല്ലൊരു മനുഷ്യനായി ക്ഷമാശിലനായി നമ്മൾ നമ്മളെ തന്നെ ആദ്യം വാർത്തെടുക്കുക. അതാണ് നമ്മുടെ ജീവിത വിജയം.

ക്രോധം പരിത്യജിക്കേണം എന്ന് കവി പറയാനുള്ള കാരണം എന്ത് ?

ക്രോധം അഗ്നിക്ക് തുല്ല്യമാണ് ആളിക്കത്തിയാൽ സർവ്വതും ഇല്ലാതാകും ക്രോധം നിയന്ത്രിക്കാൻ കഴിയാത്തതിനുകാരണം നാം മനുഷ്യൻ കൂടുതൽ കൂടുതൽ ദുഷിക്കുന്നതും ക്രൂരമായി മാറുന്നതും നാം കാണുക്കാത്തതുകാരണം കൊച്ചുകുട്ടികളെ പോലും ക്രൂരമായി മർദ്ദിക്കുന്ന മരണത്തിലേക്ക് തള്ളിവിടുന്നു.ന്നു. ക്രോധം നിയന്ത്രിക്കാൻ സാധി ഇതെല്ലാം കോപം നിയന്ത്രിക്കാൻ സാധിക്കുന്നത് മൂലമാണ് വിവെകപൂർവ്വം ചിന്തിക്കാത്തതിന്റയും വലിയ ഒരു തെറ്റാണ്. ഈ ക്രോധം നമ്മെ നശിപിക്കുന്നതും.ഇപ്പോഴത്തെ കാലത്ത് നമ്മൾ ദൃശ്യത്തിലാഴുന്നതും ശ്രവിക്കുന്നതും എല്ലാം അച്ചൻ മകളെ കൊന്നു മകൻ അമ്മയെ കൊന്നും അങ്ങനെ ഓരോ കുണ്ടററകൃത്യങ്ങൾ അതിനുമെല്ലാം കാരണം ക്രോധം തന്നെയാണ് അതെങ്ങനെ തടയാം

നല്ലോരു മനുഷൻ  എങ്ങനെ ആവാം അതോക്കെ നമ്മൾ പഠിക്കണം അങ്ങനെ നമ്മുടെ ജീവിതം തന്നു രക്ഷപ്പെട്ടും.

## പ്രഭാതം



പ്രഭാതം എത്തിച്ചേരുനത്
ആകാശത്തിൽ വർണ്ണങ്ങൾ
വാരിവിതറിക്കൊണ്ടാണ്.
പ്രഭാതത്തിൽ കിളികളുടെ
മധുരസ്വരമായ പാട്ട് കൊണ്ടാണ്
ഉണരുന്നത്. സൂര്യകിരണം പൂകളെ
ചെറുപുഞ്ചിരികൊണ്ട് വിടർത്തി.പുൽനാമ്പുകൾ
ഒട്ടിപ്പിടിച്ച് നിൽക്കുന്ന മഞ്ഞുതുള്ളികൾ.അതിലൂടെ
സൂര്യകിരണങ്ങൾ പോകുമ്പോൾ ഏഴുവർണങ്ങൾ
കാണാം.കിളികൾ  കൂട്ടുവിട്ടു സുന്ദരമായ ഈ
പ്രക്രുതിയിലേക്ക് ഇറങ്ങി ചെല്ലുന്നു.

മനോഹരമായ ഈ പ്രക്രുതി
സൗന്ദര്യം ആസ്വതിക്കുന്നു.പുഴകൾ കള കളം
നാദം വിടി ഒഴുകുന്നു.മരങ്ങളുടെ ചില്ലയിൽ തട്ടി
ഇളംകാറ്റ് വീശി മായുന്നു.കാറ്റിനൊത്ത് പൂക്കൾ

നൃത്തം ചെയ്ത് കൊണ്ട് സന്തോഷത്തോട് കൂടി
 പ്രഭാതത്തെ വരവേൽക്കുന്നു. ഈ ഭൂമിയിൽ
മനോഹരമായ സ്വപ്നങ്ങൾ വാരി
വിതറിക്കൊണ്ട് പ്രഭാതത്തെ നമ്മൾ
സ്വീകരിക്കുന്നു.ഈ പ്രക്രുതി
സൗന്ദര്യം ആസ്വതിച്ചുകൊണ്ട് പുതിയ
നളുകളുമായി പുത്തൻ ഉണർവുമായി
 ഈ പ്രഭാതം എത്തിച്ചേരുന്നു.

## ചട്ടമ്പി സ്വാമികൾ

ചട്ടമ്പിസ്വാമികളുടെ യാദാർത്ഥ പേര്
അയ്യപ്പൻ എന്നായിരുന്നു. ഗുരുകുല
വിദ്യാഭ്യാസ കാലത്ത് ക്ലാസ് നിയന്ത്രണത്തിന്
ചട്ടങ്ങൾ നടപ്പിലാക്കുന്ന
തിനുള്ള ചുമതലഗുരുനാഥൻ അയ്യപ്പനെ ഏൽ
പ്പിച്ചു. ചട്ടങ്ങൾ നടപ്പിലാക്കാൻ ചുമതലയുള്ള
യാൾ എന്ന പേര് വന്നത്. അങ്ങനെയാണ്
അയ്യപ്പൻ വിൽക്കാലത്ത് ചട്ടമ്പി സ്വാമികൾ
എന്നറിയപെട്ടത്

# ഗാന്ധി

ഗാന്ധിജീയുടെ അഹിംസാ വാചകങ്ങൾ

അഹിംസയ്ക്കു ക്ഷമയ്ക്കും അതിര് നിർണ്ണയിക്കാൻ കഴിയില്ല.

സ്വാർത്ഥതയുടെ ഗന്ധം ലേശം പോലും

ഉള്ളിടത്ത് പൂർണ്ണമായ അഹിംസ സാദ്യമല്ല.

അഹിംസ ധീരതയുടെ പരമകാഷ്ഠയാണ്.

അഹിംസയുടെ സജീമമായ

അവസ്ഥയാണ് സ്നേഹം

അഹിംസകൂടാതെ സത്യാന്വേഷണം സത്യമല്ല.

അഹിംസയുടെ സന്ദേശം.

ഗ്രഹിച്ചാൽ വർഗ്ഗസമരം.

ഒഴിവാക്കാവുന്നതാണ്.

# കുളിർ മഴ



അതിരാവിലെ മാനത്ത് കാർമേഘങ്ങൾ
ഇരുണ്ട് മൂടി മുഴുവൻ ഇരട്ടായി കാറ്റ്
വീശിയടിച്ചു. തെങ്ങുകൾ കാറ്റത്ത് നൃത്തം ചെയ്തു
പെട്ടന്ന്
മഴപോടിയുവാൻ തുടങ്ങി.വീടിന്റെ മുകളിൽ
നിന്ന് മഴ നലുപോലെ ഒഴുകിവന്നു.എന്ത്
രസമാണ് ഈ മഴ കാണാൻ മഴത്തുള്ളികൾ
വീഴുമ്പോൾ വെളത്തിൽ കുമളകൾ വന്നു
തുടങ്ങി. പിന്നീട് തണുത്ത കാറ്റ് വീശിയടിച്ചു
അത് ഒരു കുളിർ മഴയായിരുന്നു കുറച്ചു
നേരതെ മഴയ്ക്കു ശേഷം വെയിലുവന്നു മണ്ണി
കിടകുന്ന വെള്ളവും പുൽനാമ്പുകളിൽ

തണ്ടിനിൽകുന്ന വെള്ളവും വെയിലിൽ താരകങ്ങൾ പോലെ വെട്ടിത്തിളങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ വെയിലും മയഴും ഒന്നിച്ചു വന്നു. വെയിലിൽ തിളങ്ങുന്ന മഴത്തുള്ളികൾ രത്നങ്ങൾ വാരിയെറിയും പോലെ ഭൂമിയിൽ പതിച്ചു. അത് ഒരു പ്രകൃതി വിസ്മയമായിരുന്നു എന്റെ ജീവിതത്തിലെ ഏറ്റവും നല്ല കുളിർമഴ.

# ലിഫ്റ്റ്

മരിച്ച വൈദ്യുതി
പുനർ ജ്ജനിയോളം
ഉരുക്കു കൂടിയതിൽ
കുടിങ്ങിയോർ നമ്മൾ
നിലച്ചുപോയ് പങ്ക
വിയർപ്പിൽ മുങ്ങിനാം
മരിച്ച പോയേക്കാം
ഒരിക്കലതുമിതു ചിലച്ചില്ലെങ്കിലോ?
ദയച്ചില്ലതൻ കാലിൽ
പിടിച്ചു കേറുന്നു
പൊടുന്നനെ
എന്റെ വിരൽ ഞെരിച്ച നീ
അമർന്നു നിൽക്കുന്നു
വിറച്ചുകൊണ്ടു ഞാൻ ഇഴുകിചേരുന്നു
ഉരുക്കുകുടിതിൽ

കയറിയപ്പോൾ നാം പരസ്പരം
കുരുക്കിൽ പെട്ടു നാം
വെറും മനുഷ്യരായ് തിരിച്ചറിയുന്നു

## പഴഞ്ചൊല്ലുകൾ

സമ്പത്ത്കാലത്ത് തൈ പത്ത് വച്ചാൽ ആപത്ത്

കാലത്ത് കാപത്ത് തിന്നാം.

കാലത്ത് കാപത്ത് തിന്നാം.

മീനത്തിൽ നട്ടാൽ മീൻ കണ്ണോളം.

മിന്നുന്നത് എല്ലാം പൊന്നല്ല.

തീയിൽ മുളച്ചത് വെയ്ലത്ത് വാടുമേ.

കുമ്പത്തിൽ നട്ടാൽ കുടത്തോളം.

ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി.

കുമ്പത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്.

മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

ഉപ്പോളം വരുമോ ഉപ്പിലിട്ടത്.

## പ്രായശ്ചിത്തം ചെയ്യാൻ...

വേനൽച്ചൂടിനെ ശമിപ്പിക്കാൻ
മഴയെ കാത്തു ഞാനേറെനാൾ
മരങ്ങൾ ഏറെ മുടിയിട്ടോ
എന്തെ മഴ,നീ വന്നീലാ
എന്തെ കുളിരു പകർന്നീലാ
നട്ടുപിടിപ്പിച്ചീടാം ഞാൻ
മരങ്ങൾ നിൻ മനം നിറയാൻ
വെട്ടിയോരുക്കിത്തീർത്തീന്നു
കുളങ്ങൾ നിൻ മനം  നിറയാൻ
എങ്കിൽ എൻ മനം നിറയാൻ
വരിലേ, ദാഹം തീർക്കാൻ നീ?
ചാറ്റൽ മഴയായി തലോടില്ലേ,
പേമാരിയായ് പുണരില്ലേ?
ആ തണുപ്പിൽ മതിവരുവോളം
മദിച്ചിടട്ടേ ഞാനെന്നാൽ...

# അമൃതം



അമ്മിഞ്ഞയ്ക്കായ്
കരയും കുഞ്ഞിനൊ-
രുമ്മ കൊടുക്കുന്നമ്മ.
വിങ്ങിക്കരയും
മിഴികളിലിറ്റും
കണ്ണീർ നിന്നു തുളുമ്പീ.
പയ്യപ്പയ്യെ
ചൊടിയിലുദിച്ചു
ഇത്തിരിയുള്ള
നിലാവ്.
അമ്മിഞ്ഞകുടമെവിടങ്ങോട്ടാ-
ക്കള്ളൻ കണ്ണുതിരിച്ചു.
അമൃതായൊഴുകും വാത്സല്യത്തിൽ
അമ്മയലിഞ്ഞൂ, കുഞ്ഞും...!

# ഉറക്കം

വയറുനിറയെ ഭക്ഷണം കഴിച്ചാൽ ഉറക്കം വരുന്നതെന്തുകൊണ്ട്?

അധികം ഭക്ഷണം കഴി ച്ചാൽ വയറിലേയുംദഹനവ്യൂഹത്തിലേയും രക്തചംക്രമണം വർധിക്കും. ഭക്ഷണത്തിലടങ്ങിയിരിക്കുന്നപോഷകാംശങ്ങൾ വലിച്ചെടുത്ത് കോശങ്ങളിലെത്തിച്ചുകൊ- ടുക്കുന്നതിനാണിത്. അപ്പോൾ മറ്റ് അവ- യവങ്ങളിലേക്കുള്ള രക്തപ്രവാഹം സാ- ധാരണയിൽ കുറവാകും തലച്ചോറിലേക്ക് സ്വതവേ കുറച്ച രക്തമേ ലഭിക്കാറുള്ളൂ. ഭക്ഷണത്തോടെ അതിൽ കുറവ് വരുന്നു.ഇതാണ് വയ റുനിറയെ ഭക്ഷണം കഴിച്ചാൽ ഉറക്കം വരു ന്നതിന് കാരണം .

# കുറുക്കൻ സ്ക്രൂളിൽ

അന്തിമയങ്ങിയ നേരത്തു പെട്ടെന്നു
പോന്തിയ ചന്ദ്രനെ നോക്കി

ഒറ്റയ്ക്കിരുന്നോരാളോരിയിടുന്നതി
ന്നോച്ച മുഴങ്ങുന്നു കാട്ടിൽ

ഓരിക്കണക്കിനെ തെറ്റെന്നു കൂട്ടുകാർ
പാടിത്തിരുത്തുന്ന നേരം

തെറ്റല്ല, പാടിയതോക്കെശ്ശരിയെന്നു
പോട്ടിത്തെറിച്ചുചോല്ലുന്നു
തെറ്റെങ്കിലെന്തെൻ സ്വന്തം കണക്കെന്നു
തട്ടിക്കയറുന്ന വാശി

വാശികോണ്ടാർക്കാനമിന്നേവരെ ശരി
യാക്കുവാനാകാത്ത
തട്ടിക്കയറിക്കുഴറ്റുപോന്തിച്ചുകൊ
ണ്ടെത്തിപ്പിടിക്കാനോരുങ്ങി
പിന്നെയും കൂവുന്നു പണ്ടത്തെ മാതിരി

# കുന്നിൻമുകളിൽ കുറുക്കൻ

കുഞ്ഞുവാലങ്ങോട്ടുമിങ്ങോട്ടുമങ്ങനെ
കുട്ടിക്കുറുമ്പിനാലാട്ടി
കുവിയതോക്കെശ്ശരിയെന്നു വാശിമൂ
ത്താവനുമുച്ചത്തിലോതി
കുട്ടിക്കുറുക്കൻ കെറുവിച്ചുനിൽക്കയാ
ണിപ്പോഴും കുന്നിൻമുകളിൽ
കൂട്ടുകാരൊക്കെയും ചുറ്റും നിരന്നുനി
ന്നാർപ്പുകൂട്ടുന്നതിൻ മേളം
തെറ്റും സഹിക്കാതെ പൊട്ടിക്കരഞ്ഞവൻ
പിന്നെയും കൂവിനോക്കുന്നു
കുന്നിൻമുകളിൽ കുറുക്കൻെറ സ്കൂളിലെ-
യോന്നാം പിരീഡു തുടങ്ങി.

# പനിനീർ മഴ

മഴ പെയ്യുത തുടങ്ങി .പല താളത്തിൽ
എഴുതപ്പെട്ട കവിത പോലെ ,ചിലപ്പോൾ
വെയിലിൻെറ അകമ്പടിയോടെ ഒരു ചെറു
ഭാവം. ചിലപ്പോൾ, മനസ്സിൽ കുഴിച്ചുമൂടിയ
സർവ്വദു:ഖങ്ങളെയും ആവാഹിച്ചിട്ടെന്ന പോലെ
ഇരുണ്ട മൂടിയ മാനം . പിന്നെ ആർത്തലച്ച്
ഒരു ഇരമ്പൽ മണ്ണിനേയും കഴുകി ശു
ദ്ധമാക്കാനെന്ന
പോലെ മഴക്കിനിയും  കാതിരിക്കുന്ന
പ്രദേശങ്ങളിൽ മഴ വരുമെന്ന പ്രതീക്ഷയോടെ
താളം കാത്തിരിപ്പിൻെറ ഭാവം മലയാളത്തെ
മഴയുടെ കുളിരണിയിച്ച ചില കവിതകൾ

## വേനൽ

ഹൃദയ ഭിത്തിയിൽ
ദുർബലമാക്കിയോരഗ്നി
പർവ്വത സ്ഫോടനത്തിൽ
തിളച്ചു മറിഞ്ഞ ലാവാ
ജ്വാലകൾ മിഴികളിൽ
ചുറ്റുമുള്ളവയോക്കെ ചുട്ടു പൊള്ളുന്നു

# പ്രകൃതി

## പ്രകൃതി എങ്ങനെയെല്ലാം സംരക്ഷിക്കാം

മലിനജലം കെട്ടിക്കിടന്ന് പകർച്ചവ്യാധികൾ പടരാതെ നോക്കാം. നമുക്ക് വേണ്ട പച്ചക്കറികൾ നമുക്ക് തന്നെ വിളയിച്ച് തുടങ്ങാം . പരമാവധി ജൈവവളം ഉപയോഗിക്കാം. അങ്ങനെ വിഷം കലർന്ന പച്ചക്കറിയിൽ നിന്ന് മോചനം നേടാം. നമ്മുടെ ആവശ്യങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാം. ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിൽ മുൻകൈയെടുക്കാം. നാളത്തെ തലമുറയ്ക്കുവേണ്ടി ജലാശയങ്ങളെ നന്നായി പരിപാലിക്കാം. ജലം ഒരു തുള്ളിപോലും പാഴാക്കില്ല എന്ന ഉറച്ച തീരുമാനമെടുക്കാം. ഒപ്പം നല്ല പൗരരായി വളരാം. നാടിന് വെളിച്ചവും മാതൃകയും ആവാം.

## രാക്കനവ്

രാത്രി വിരിഞ്ഞ പവിഴമല്ലിപ്പൂവകളുടെ നേരിയ
സുഗന്ധം എന്നിൽ പ്രേമമുണർത്തി വെള്ളിനിലാവുള്ള
രാത്രിയിൽ ഞാനെന്റെ പ്രിയനെ പ്രണയാരമായി
കാത്തിരുന്ന ഒരു കൈക്കുടന്ന നിറയെ പവിഴമല്ലി
പൂക്കളുമായി നിദ്രവിഹീനങ്ങളായ മിഴകളോടെ
ഞാനവന്റെ പാദചലനത്തിനായി
കാതോർത്തിരിക്കുന്ന നിശ്ശബ്ദതയിൽ ഹൃദയം
പെരുമ്പറകൊട്ടി ആരും ഉണരരുതെന്നും ഞാൻ
മന്ത്രണം ചെയ്തുകൊണ്ടേയിരുന്ന മഞ്ഞിന്റെ നേരിയ
കുളിർമയുണ്ടായിരുന്നിട്ടും വിയർപ്പൽ മുങ്ങിയ രാത്രി
കൈകുമ്പിളിൽനിന്നും

# മഴ



മഴയിൽ  കളിക്കാൻ നല്ല  രസമാണ് പക്ഷേ പനി പിടിക്കും. ഞാൻ മഴയത്ത് കളിച്ചാൽ എൻെറ അച്ചൻ എന്നെ വഴക്ക് പറയും ഞാനും എൻെറ വീട്ടിലെ എല്ലാവരും കൂടി ഒരു ടൂറിന് പോയി . ഭയങ്കര മഴ യായിരുന്ന ആ മഴയിൽ കളിച്ചിട്ട് എനിക്ക് പനി വന്നു എന്നിട്ടെനിക്ക് 5,6 ദിവസത്തേക്ക് നടക്കാൻ പറ്റീല്ല . ആ പനി ഒരു അനുഭവം ആയി എനിക്ക് തോന്നി അതുകൊണ്ട് ഞാനിനി മഴയത്ത് കളിക്കില്ല എന്ന് പറഞ്ഞു . മഴ നല്ലതാണ് പക്ഷേ സൂക്ഷിക്കണം.

# അഴകുള്ള ചന്ദ്രൻ



ഭൂവെന്നൊരമ്മതൻ ഏകനാം സോദരൻ മാനത്തു
കാണുന്ന ചന്ദ്രൻ താരകങ്ങളോടൊത്ത് വാനിൽ
തിളങ്ങുന്ന അമ്പിളിമാമനെ മാമു കൊടുത്തീടുമമ്മ
ഉണ്ണിക്ക് മാമു കൊടുത്തീടുമമ്മ രാവിൽ ചിരി തൂകും
ചന്ദ്രൻ പുസ്തക താളിലെ ചന്ദ്രൻ പാട്ടുകളേറെ
കേൾക്കുമ്പോഴെന്നും കയ്യിലെടുക്കുവാൻ തോന്നും
നിന്നെ കയ്യിലെടുക്കുവാൻ തോന്നും. ഓമനയാണെന്റെ
ചന്ദ്രൻ പടവട്ടത്തിൽ തുള്ളിക്കളിക്കും ചന്ദമെഴുന്നൊരു
ചന്ദ്രൻ........................................

# മനുഷ്യ മ്യൂസിയം

വളരെ കാലത്തിനു ശേഷം.......! ഏതാണ്ട്അര മനൂറ്റ്ണ്ടുകൾക്ക് ശേഷം...... രാഘവൻ എന്ന രാഘവ് പെരുമ്പറയിൽ ഇറങ്ങി .വല്ലപ്പോഴും ഇരുപത് കിലോമീറ്റർ ദൂരമുള്ള നഗരത്തിലേക്ക്പോകുമ്പോൾ മാത്രം കയറിയിരുന്ന പഴയ സംഗീത ബസ്സിനു പകരം,നഗരമായി മാറിയ പെരുമ്പറയിലേക്ക് അയാളെത്തിയത് അടിമുടി മാറ്റങ്ങളുള്ള എ.സി ഘടിപ്പിച്ച വിദേശ ബസ്സിലാണ്.'2050 പുതുവർഷം ആഘോഷിക്കൂ..... ഖലിമയോടൊപ്പം'എന്ന വലിയൊരു ബോർഡാണ് അയാളെ പെരുമ്പറയിലേക്ക്സ്വഗതം ചെയ്തത്.മേഘങ്ങൾക്കും മുകളിൽ താമസിക്കുന്ന ഫ്ളാറ്റിലെ മനുഷ്യരുടെ തിമിരം ബാധിച്ച കണ്ണുകൾകൊണ്ടയാൾ നോക്കി.തലയ്ക്ക്മുകളിലൂടെ ഓടുന്ന മെട്രോകളും അതിനും മുകളിലൂടെ പറക്കുന്ന വിമാനങ്ങളും അയാളുടെ തല പെരിപ്പിച്ചു.ജനങ്ങളാൽ തിങ്ങിനിറഞ്ഞ ആ നഗരത്തിലൂടെ നടക്കുമ്പോൾ പണ്ടനുഭവച്ച ഇളം പുല്ലിന്റ നനവ് അയാൾ ഓർക്കാൻ

ശ്രമിച്ച കയ്യിലെ അദ്രുസ്സമായി അയാൾ കയറിച്ചെന്നത് വിമാനത്താവളത്തിലേക്കായിരുന്നു. കേരളത്തിന്റെ 25–ാം വിമാനത്താവളത്തിനുവേണ്ടി തന്റെ ഓടിട്ട തറവാടും പുഴയും മലകളും ആത്മഹത്യ ചെയ്യുന്നറിഞ്ഞപ്പോൾ കാലിലൂടെ ഒരു വേദന ശക്തമായി ഉയർന്നുവന്ന് തലയ്ക്കടിക്കുന്നത്

## പ്രകൃതിയുടെ സൗന്ദര്യം



പച്ചപ്പ് നിറഞ്ഞു നിൽക്കുന്ന വയലുകളും വയലുകളുടെ ഭംഗി അറിയിച്ച് നിൽക്കുന്നനെൽപ്പാടങ്ങളും നമ്മുടെ കേരളതിലുണ്ട്.വയലുകളിൽ മേഞ്ഞുനടക്കുന്ന മൃഗങ്ങളും,പക്ഷികളും ഉണ്ട്.വയലിനോട് ചേർന്ന കിടക്കുന്ന അരുവികലും ഉണ്ട്. തെളിവെള്ളം നിറഞ്ഞ ജലാശയങ്ങ ൾ ,ഫലങ്ങൾ നിറഞ്ഞ വൃക്ഷങ്ങൾ, പച്ചപ്പട്ടു പുതച്ച പാടങ്ങൾ മനേഹരമായ പൂക്കൾവിരിഞ്ഞു നിറൽക്കന്ന പലതരം ചെടികൾ തേൻ നുകതൻ വരുന്ന ശലഭങ്ങൾ.

# എന്റെ അച്ഛൻ

ഒരു വേളയിൽ എന്നെ പിരിയാത്ത

അച്ഛന്റെ സനേ്ഹം അറിഞ്ഞു

മക്കൾക്കുവേണ്ടി

ജീവിതം ഉഴിഞ്ഞ

അച്ഛന്റെ സനേ്ഹം

അറിഞ്ഞു

ഒരു കൂഞ്ഞു

പൂവിനോടെന്നപോലെ

സനേ്ഹം നിറച്ച

അച്ഛനെയാണെനിക്ക്

ഇഷ്ടം



ഒരു നോവ് പോലും അറിയാതെപോറ്റുന്ന

അച്ഛന്റെ സനേ്ഹം അറിഞ്ഞു

ഒരു നേരമെങ്കിലും ഒരുമിച്ചേളണ്ണുള്ളു
പൂവിനെപ്പോലെ സ്നേഹം വിടർത്തുന്ന
അച്ഛനോടെന്തൊരിഷ്ടം
ഒരു നോക്കു കൊണ്ടു പോലും
എന്നെ നോവിക്കാത്ത
എന്റെ അച്ഛന്റെ സ്നേഹം അറിഞ്ഞു
എന്റെ അച്ഛന്റെ സ്നേഹം അറിഞ്ഞു...

# സുരക്ഷിതമായ സോഷ്യൽ നെറ്റ്വർക്കിംഗിനുള്ള നിർദേശങ്ങൾ

*നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ വ്യക്തി പരമായി സൂക്ഷിക്കുക.

*നിങ്ങളുടെ private setting,customize ചെയ്യുക. മറ്റുള്ളവർക്ക് നിങ്ങളുടെ Basic Inof മാത്രം കാണാൻ അവസരം നൽകുക.

*നിങ്ങളുടെ സുഹൃത്തുക്കളെ അറിയുക എന്നതിൽ മാത്രം ചുരുക്കുക. ഓൺലൈൻ സുഹൃത്തുക്കളെ വിശ്വസിക്കരുത് സന്ദർസനം മാത്രമായി ചുരുക്കുക.

*നിങ്ങൾക്ക് ഇഷ്ടമില്ലാത്ത പോസ്റ്റുകൾ കണ്ടാൽ അത്തരം പോസ്റ്റുകൾ  ലഭിക്കുന്നതിലുള്ള അതൃപ് തി നിങ്ങളുടെ സുഹൃത്തിനോട് തുറന്നു പറയുക.

*നിങ്ങളെ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള സ്വകാര്യവിവരങ്ങൾ പോസ്റ്റ് ചെയ്യാതിരക്കുക.

*ശക്തിയുള്ള പാസ്‌വേഡുകൾ ഉപയോഗിക്കുക.അവ

**നിങ്ങളുടെ സുഹൃത്തുക്കൾക്ക്  ഷെയർ ചെയ്യാതി-രിക്കുക.**